**പതിമൂന്നാം കേരള നിയമസഭ.**

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 612 — 10.06.2014 ൽ മറുപടിക്ക്

വഖഫ് സ്വത്ത് സംരക്ഷണ നടപടി

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി** | **ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി**<br>ബഹു. വ്യവസായവും<br>വിവരസാങ്കേതികവും വകുപ്പുമന്ത്രി |
| (എ) **വഖഫ് ഭരണം കാര്യക്ഷമമാക്കുന്നതിനായി സ്വീകരിച്ച വരുന്ന നടപടികൾ വ്യക്തമാക്കുമോ;** | (എ) വഖഫ് ഭരണം കാര്യക്ഷമമാക്കുന്നതിനായി കണ്ണൂർ, മലപ്പുറം, ചങ്ങനാശ്ശേരി, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിൽ ഡിവിഷണൽ ഓഫീസുകൾ ആരംഭി-ച്ചിട്ടുണ്ട്. പാലക്കാട്, തൃശ്ശൂർ ജില്ലകൾ ഉൾക്കൊള്ളുന്ന തൃശ്ശൂർ ഡിവിഷണൽ ഓഫീസ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (ബി) അന്യാധീനപ്പെട്ട വഖഫ് സ്വത്തുകൾ തിരിച്ച് പിടിക്കുന്നതിനും, വഖഫ് സ്വത്തുകളുടെ പുന:രുദ്ധാരണത്തിനും പ്രത്യേക പാക്കേജ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) വഖഫ് ആക്ട് (ഭേദഗതി)2013-ൽ അന്യാധീനപ്പെട്ട വഖഫ് സ്വത്തുക്കൾ തിരിച്ച് പിടിക്കുന്നതിനും, വഖഫ് സ്വത്തുക്കളുടെ പുന:രുദ്ധാരണത്തിനും സ്വീകരിക്കേണ്ട നടപടികൾ ഉൾക്കൊള്ളി-ച്ചിട്ടുണ്ട്. പ്രസ്തുത നിയമ ഭേദഗതിയിൽ നിർദ്ദേശിച്ച പ്രകാരം വക്കഫ് സ്വത്തു-ക്കളുടെ സർവ്വേ നടത്തുന്നതിനും അന്യാധീനപ്പെട്ടവ തിരിച്ച് പിടിക്കുന്ന-തിനും നടപടികൾ ത്വരിതപ്പെടുത്താൻ വക്കഫ് സർവ്വെ കമ്മീഷണറെ നിയമിച്ചു. വക്കഫ് സ്വത്തുകളുടെ വികസനത്തിന് അവയിൽ നിക്ഷേപം നടത്തുന്നതിന് പലിശ രഹിത വായ്പ ലഭ്യമാക്കുവാൻ ചേരമാൻ ഫിനാൻഷ്യൽ സർവ്വീസസുമായി ചേർന്ന് സംവിധാനമൊരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ